ഭരണഭാഷ-മാതൃഭാഷ

# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

## (ഹാജർ. എ.മുരളീധരൻ)

തിരുവനന്തപുരം

നമ്പർ. 16604/2019/ഇ 5/ഡിപി

തീയതി. 20.11.2019

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - 06.11.2019-ലെ 16604/19/ഇ 5/ഡിപി നമ്പർ പ്രകാരം സ്ഥലംമാറ്റം നൽകിയ നടപടി റദ്ദ് ചെയ്തു കൊണ്ടും പുതുക്കി കൊണ്ടും ഉത്തരവാകുന്നു.

പരാമർശം:- അച്ചടി വകുപ്പ് ഡയറക്ടറുടെ 06.11.2019-ലെ 16604/19/ഇ 5/ഡിപി നമ്പർ ഉത്തരവ്.

## ഉത്തരവ്

അച്ചടി വകുപ്പിൽ എറണാകുളം യൂണിറ്റിൽപ്പെട്ട കോട്ടയം ജില്ലാ ഫാറം സ്റ്റോറിലെ നിലവിലെ ഒന്നാം ഗ്രേഡ് ലാസ്കർ തസ്തികയിലെ ഒഴിവിലേയ്ക്ക് ടി യൂണിറ്റിലെ ഏറ്റവും സീനിയറായ ശ്രീ.ഷാജികുമാർ.വി. യ്ക്ക് ഉദ്യോഗക്കയറ്റം നൽകി ടിയാന്റെ അപേക്ഷ പ്രകാരം മണ്ണന്തല ഗവൺമെന്റ് പ്രസ്സിലേയ്ക്ക് സ്ഥലംമാറ്റം നൽകിയും, മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ ഒന്നാം ഗ്രേഡ് ലാസ്കറായ ശ്രീ.പ്രമോദ്.എസ്.നെ ടിയാന്റെ അപേക്ഷ പ്രകാരം കോട്ടയം ജില്ലാ ഫാറം സ്റ്റോറിലേയ്ക്ക് സ്ഥലംമാറ്റം നൽകിയും പരാമർശം പ്രകാരം ഉത്തരവായിട്ടുണ്ടായിരുന്നു. എന്നാൽ അച്ചടി വകുപ്പിലെ ലാസ്കർമാരുടെ സ്ഥലംമാറ്റം യൂണിറ്റ് അടിസ്ഥാനത്തിലാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശ ഉത്തരവ് പുനഃപരിശോധിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ പരാമർശത്തിലെ ഉത്തരവ് പ്രകാരം ശ്രീ .ഷാജികുമാർ.വി., ശ്രീ.പ്രമോദ്.എസ്. എന്നിവർക്ക് സ്ഥലംമാറ്റം നൽകിയ നടപടി ഇതിനാൽ റദ്ദ് ചെയ്ത് ഉത്തരവാകുന്നു. ശ്രീ.ഷാജികുമാർ.വി. യെ കോട്ടയം ജില്ലാ ഫാറം സ്റ്റോറിൽ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനും ശ്രീ.പ്രമോദ്.എസ്. നെ ടിയാന്റെ പഴയ കാര്യാലയത്തിൽ (മണ്ണന്തല ഗവൺമെന്റ് പ്രസ്സിൽ) തന്നെ നിലനിർത്തുന്നതിനുമുള്ള നടപടികൾ അതാത് കാര്യാലയ മേധാവികൾ സ്വീകരിക്കേണ്ടതാണ്.

ഒപ്പ്/-,

അച്ചടി വകുപ്പ് ഡയറക്ടർ.

ബന്ധപ്പെട്ട വ്യക്തിക്ക്.

പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സിഎ./ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ.

ഡെപ്യൂട്ടി സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ് , മണ്ണന്തല./എറണാകുളം .

ജില്ലാ ഫാറം ഓഫീസർ, ജില്ലാ ഫാറം സ്റ്റോർ, കോട്ടയം.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./സീനിയർ സൂപ്രണ്ട്./ജൂനിയർ സൂപ്രണ്ട്.ഇ.I./

ഫയൽ./കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്.